നം.N.E.P.|6.3676.|2018|DPI

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 21..03.2018

## സർക്കുലർ

**വിഷയം :- പൊതുവിദ്യാഭ്യാസം - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - 2018-19 അധ്യയനവർഷം സംഘടിപ്പിക്കുന്ന പ്രധാന ഐസിടി പരിശീലനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഐ.സി.ടി. സാധ്യതകളുപയോഗിച്ച് വിവിധ പരിശീലനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2018 മാർച്ച് മാസത്തിൽ തുടക്കം കുറിക്കുന്ന ഈ പരിശീലനങ്ങളെ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

**ലിറ്റിൽ കൈറ്റ്സ്**

1. കൈറ്റ് മാസ്റ്റർ/മിസ്ട്രസ്-മാരുടെ ദ്വിദിന പരിശീലനം ഏപ്രിൽ മാസം വിദ്യാഭ്യാസ ജില്ലാ തലത്തിൽ കൈറ്റ് സംഘടിപ്പിക്കേണ്ടതാണ്.
2. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള ദ്വിദിന പരിശീലനം, ഇതിന്റെ എസ്.ആർ.ജി/ഡി.ആർ.ജി. പരിശീലനങ്ങൾ മെയ് 31-ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്. കുട്ടികൾക്കുള്ള പരിശീലനം സബ്ജില്ലാതലത്തിലാണ് സംഘടിപ്പിക്കേണ്ടത്.
3. എസ്.ആർ.ജി പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് കെ.എസ്.ആർ പ്രകാരമുള്ള TA/DA യും പരിശീലകർക്ക് പ്രതിദിനം 500/- രൂപയും പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 250/- രൂപയും ഹോണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.
4. ഡി.ആർ.ജി പരിശീലനങ്ങളിൽ പങ്കെടുക്കുന്ന പരിശീലകർക്ക് പ്രതിദിനം 500/- രൂപയും പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 250/- രൂപയും ഹോണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.
5. ലിറ്റിൽ കൈറ്റ്സ് പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 125/- രൂപയും പരിശീലകർക്ക് പ്രതിദിനം 500/- രൂപയും ഓണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.

**പി.എസ്.ഐ.ടി.സി പരിശീലനം**

1 പ്രൈമറി സ്കൂളുകളിലെ ഐടി ചുമതല വഹിക്കുന്ന അധ്യാപകരുടെ (പി.എസ്.ഐ.ടി.സിമാരുടെ) നാലു ദിവസത്തെ പരിശീലനം ഏപ്രിൽ മാസത്തിൽ പൂർത്തിയാക്കേണ്ടതാണ്.

2 എസ്.ആർ.ജി പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് കെ.എസ്.ആർ പ്രകാരമുള്ള TA/DA യും പരിശീലകർക്ക് പ്രതിദിനം 500/- രൂപയും പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 250/- രൂപയും ഹോണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.

3. ഡി.ആർ.ജി പരിശീലനങ്ങളിൽ പങ്കെടുക്കുന്ന പരിശീലകർക്ക് പ്രതിദിനം 500/- രൂപയും പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 250/- രൂപയും ഹോണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.

4. പി.എസ്.ഐ.ടി.സി പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 125/- രൂപയും പരിശീലകർക്ക് പ്രതിദിനം 500/- രൂപയും ഓണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.

**<u>ഹൈസ്കൂൾ അധ്യാപക പരിശീലനം</u>**

1. അധ്യാപക പരിശീലനം 2018 ഏപ്രിൽ, മെയ് മാസങ്ങളിലായി ഓരോ വിഷയത്തിലും അധ്യാപകരുടെ എണ്ണത്തിനനുസരിച്ച് ബാച്ചുകൾ ക്രമീകരിച്ച് എല്ലാ അധ്യാപകർക്കും ലഭ്യമാക്കേണ്ടതാണ്.

2. അവധിക്കാല അധ്യാപക പരിശീലനത്തിന് മുന്നോടിയായി വിവിധ വിഷയങ്ങളിലുള്ള പ്രത്യേക എസ്.ആർ.ജി പരിശീലനങ്ങൾ മാർച്ച് മാസത്തിലും ഡി.ആർ.ജി, അധ്യാപക പരിശീലനങ്ങൾ ഏപ്രിൽ, മെയ് മാസങ്ങളിലായി കൈറ്റിന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

3. എസ്.ആർ.ജി പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് കെ.എസ്ആർ പ്രകാരമുള്ള TA/DA യും പരിശീലകർക്ക് പ്രതിദിനം 500/- രൂപയും പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 250/- രൂപയും ഹോണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.

4 ഡി.ആർ.ജി പരിശീലനങ്ങളിൽ പങ്കെടുക്കുന്ന പരിശീലകർക്ക് പ്രതിദിനം 500/- രൂപയും പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 250/- രൂപയും ഹോണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.

5. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 125/- രൂപയും പരിശീലകർക്ക് പ്രതിദിനം 500/- രൂപയും ഓണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.

**<u>പൊതുനിർദ്ദേശങ്ങൾ</u>**

1. കൈറ്റ് നൽകിയ എസ്.ആർ.ജി, ഡി.ആർ.ജി പരിശീലനങ്ങളിൽ പങ്കെടുത്തവർ ആയിരിക്കണം അധ്യാപക/വിദ്യാർത്ഥി പരിശീലനം നടത്തേണ്ടത്. കൈറ്റ് തയ്യാറാക്കി എസ്.സി.ഇ.ആർ.ടി അംഗീകരിച്ച മൊഡ്യൂൾ ഉപയോഗിച്ചാണ് പരിശീലനം നടത്തേണ്ടത്,
2. കൈറ്റിൽ (ഐടി@സ്കൂളിൽ) പ്രവർത്തിക്കുകയും സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്ത അധ്യാപകരെ ആവശ്യമെങ്കിൽ ഡി.ആർ.ജി. പരിശീലനം നൽകി പരിശീലകരായി നിയോഗിക്കാവുന്നതാണ്. ടി അധ്യാപകർക്ക് എല്ലാ പരിശീലനങ്ങൾക്കും പ്രതിദിനം 500/- രൂപ ഓണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.
3. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരുടെ എണ്ണം 15 വരെ ഒന്നും അതിനു മുകളിൽ രണ്ടും എന്ന ക്രമത്തിൽ പരിശീലകരെ നിയോഗിക്കേണ്ടതാണ്.
4. അവധിക്കാല പരിശീലനങ്ങൾക്കായി പ്രത്യേക ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് (www.kite.kerala.gov.in-ലെ Training Management System-ൽ). ഓരോ അധ്യാപകനും/അധ്യാപികയ്ക്കും പരിശീലന കേന്ദ്രവും ബാച്ചും തെരഞ്ഞെടുക്കുന്നതിന് കഴിയും. പരിശീലനത്തിനായി എല്ലാ അധ്യാപകരും ഓൺലൈനിൽ രജിസ്റ്റർ ചെയ്യേണ്ടതും തന്റെ സ്കൂളിലെ എല്ലാ അധ്യാപകരും പരിശീലനത്തിന് രജിസ്റ്റർ ചെയ്തു എന്നത് സ്കൂൾ പ്രഥമാധ്യാപകൻ ഉറപ്പുവരുത്തേണ്ടതാണ്. ഈ ഓഫീസിലെ 03.03.2018-ലെ എച്ച്2/17118/2018/ഡി.പി.ഐ നമ്പർ സർക്കുലർ പ്രകാരം സ്കൂൾ ഡേറ്റാബാങ്കിൽ വിവരങ്ങൾ ചേർത്തിട്ടുള്ള അധ്യാപകർക്ക് മാത്രമേ പരിശീലനങ്ങൾക്കുള്ള ഓൺലൈൻ

രജിസ്ട്രേഷൻ നടത്താൻ കഴിയൂ. ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതു സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ കൈറ്റ് പ്രത്യേകം പുറപ്പെടുവിക്കേണ്ടതാണ്.

5. കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ അതത് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്. കൈറ്റിന്റെ ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ, പ്രൈമറി/സെക്കൻഡറി/ഹയർസെക്കൻഡറി സ്കൂൾ കമ്പ്യൂട്ടർ ലാബുകൾ, ബി.ആർ.സി.കൾ, അസാപ് ലാബുകൾ എന്നിവ പരിശീലനകേന്ദ്രങ്ങളായി ഉപയോഗപ്പെടുത്തേണ്ടതാണ്. പങ്കെടുക്കുന്ന ഓരോ അധ്യാപകർക്കും ഒരു ലാപ്ടോപ്പ് എന്ന ക്രമത്തിൽ പരിശീലനം ക്രമീകരിക്കേണ്ടതാണ്. പരിശീലനത്തിനാവശ്യമായ ലാപ്ടോപ്പുകൾ ലഭ്യമല്ലെങ്കിൽ സമീപത്തെ സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾകൂടി ശേഖരിച്ച് പരിശീലനം നടത്തേണ്ടതാണ്.

6. പരിശീലനത്തിന്റെ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരും കൈറ്റിന്റെ ജില്ലാ കോർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും വിദ്യാഭ്യാസ ഓഫീസർമാർ പരിശീലന കേന്ദ്രങ്ങൾ സന്ദർശിച്ച് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

7. അധ്യാപകരും പരിശീലകരും പരിശീലന സമയം കഴിയുന്നതുവരെ പരിശീലന കേന്ദ്രത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഒന്നിലധികം പരിശീലകരെ നിയോഗിച്ചിട്ടുള്ള കേന്ദ്രങ്ങളിൽ എല്ലാ പരിശീലകരും എല്ലാ പരിശീലന ദിവസങ്ങളിലും പരിശീലന കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. പരിശീലകർ പരിശീലനം ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് പരിശീലന കേന്ദ്രത്തിൽ എത്തേണ്ടതും പരിശീലനം അവസാനിച്ച് എല്ലാ പഠിതാക്കളും പോയശേഷം മാത്രം പരിശീലനകേന്ദ്രത്തിൽ നിന്നും പോകേണ്ടതുമാണ്.

8. പരിശീലനകേന്ദ്രങ്ങൾക്ക് പ്രതിദിനം 500/- രൂപ ലാബ് മെയിന്റനൻസിനായി കൈറ്റ് നൽകേണ്ടതാണ്.

9. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർ/വിദ്യാർത്ഥികൾ എന്നിവരുടെ ഹാജർ, അക്വിറ്റൻസ്, ഡ്യൂട്ടി സർട്ടിഫിക്കറ്റ് മുതലായവ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്ന് ജനറേറ്റ് ചെയ്താണ് ഉപയോഗിക്കേണ്ടത്. ഓരോ ബാച്ചിലും പരിശീലനത്തെക്കുറിച്ചുള്ള അധ്യാപകരുടെ ഫീഡ്ബാക്ക് ശേഖരിക്കേണ്ടതും ആയത് ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ അതത് പരിശീലകർ കൃത്യമായി ഉൾപ്പെടുത്തേണ്ടതുമാണ്.

DVB

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ് :

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ആർ.എം.എസ്.എ.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ
എല്ലാ ഡിഡിഇ, ഡിഇഒമാർക്കും
സ്റ്റോക്ക് ഫയൽ